# ബ്ലോക്ക് പഞ്ചായത്ത് കടുത്തുരുത്തി

# വാർഷിക ബഡ്ജറ്റ്

## 2022 - 2023

ആമുഖപ്രസംഗം

**ശ്രീ. പി.വി.സുനിൽ**

(പ്രസിഡന്റ്)

അവതരണം

**ശ്രീമതി നയനാ ബിജു**

വൈസ്പ്രസിഡന്റ് &

ചെയർപേഴ്സൺ ധനകാര്യ സ്റ്റാന്റിംഗ് സമിതി

2022 മാർച്ച് 15

# ഉള്ളടക്കം


| | പേജ് നമ്പർ |
|---|---|
| **I.** ആമുഖം | 1 |
| **II.** ബജറ്റ് വിശദാംശങ്ങൾ | 3 |
| 1 കൃഷിയും വ്യവസായവും | 3 |
| 2 ക്ഷീരവികസനം/ മൃഗസംരക്ഷണം | 3 |
| 3 സാമൂഹ്യക്ഷേമം | 4 |
| 4 ആരോഗ്യം | 4 |
| 5 പട്ടികജാതി/ പട്ടികവർഗ്ഗ വികസനം | 4 - 5 |
| 6 വിദ്യാഭ്യാസം/ യുവജനക്ഷേമം | 5 |
| 7 ശുദ്ധജല വിതരണം/ ജലസ്രോതസ്സ് സംരക്ഷണം | 5 |
| 8 പൊതുമരാമത്ത്/ ഭവനനിർമ്മാണം | 5 - 6 |
| 9 ടൂറിസം | 6 |
| 10 ഊർജ്ജം | 6 |
| 11 മാലിന്യസംസ്കരണം | 6 |
| 12 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി | 6 - 7 |
| 13 എം പി / എം എൽ എ ഫണ്ട് | 7 |
| **II.** മുൻഗണനാ പരിപാടികൾ | 7 |
| **IV.** ഉപസംഹാരം | 8 |
| **V.** ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ് | 9 - 10 |


**ബ്ലോക്ക് പഞ്ചായത്ത്**

# കടുത്തുരുത്തി
# വാർഷിക ബജ്ഡറ്റ് – 2022 – 2023

## ആമുഖപ്രസംഗം
## ശ്രീ. പി.വി.സുനിൽ
## (പ്രസിഡന്റ്)

## അവതരണം
## ശ്രീമതി നയനാ ബിജു
## വൈസ്പ്രസിഡന്റ് & ചെയർപേഴ്സൺ ധനകാര്യ സ്റ്റാന്റിംഗ് സമിതി

## ആമുഖം

ബഹുമാന്യരായ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, അംഗങ്ങൾ, സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥർ ബ്ലോക്ക് പഞ്ചായത്തിലേയും ഘടകസ്ഥാപനങ്ങളിലേയും ജീവനക്കാർ, മറ്റു ബഹുമാന്യ വ്യക്തികളെ,

ചരിത്രപരമായും വാണിജ്യപരമായും വളരെയധികം പ്രാധാന്യമാണ് പ്രാചീനകാലത്ത് കടന്തേരി എന്നറിയപ്പെട്ടിരുന്ന കടുത്തുരുത്തിക്കുള്ളത്. വിശുദ്ധ അൽഫോൻസാമ്മ, ബേപ്പൂർ സുൽത്താൻ ശ്രീ. ബഷീർ എന്നിവരുടെ ജീവിതംകൊണ്ടും ഉണ്ണുനീലി സന്ദേശം എന്ന പ്രാചീനകൃതികൊണ്ടും, ആദിത്യപുരം സൂര്യദേവ ക്ഷേത്രംകൊണ്ടും പ്രസിദ്ധമായ കടുത്തുരുത്തിയിലെ ഏറ്റവും വലിയ പ്രാദേശിക സർക്കാരായ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2022 - 2023 വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്നതിൽ സന്തോഷമുണ്ട്.

കേരള പഞ്ചായത്തീരാജ് നിയമം 214-ാം ചട്ടം അനുശാസിക്കുന്ന പ്രകാരവും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ളതുമായ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായി തയ്യാറാക്കിയിട്ടുള്ള ഈ ബജറ്റിൽ 175-ാം വകുപ്പും 4-ാം പട്ടികയും അനുവദിക്കുന്നതുൾപ്പെടെയുള്ള വിവിധ പദ്ധതികൾക്ക് കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന് നിലവിൽ ലഭ്യമായിട്ടുള്ളതും 2022 - 2023 വർഷത്തിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതുമായ വരവുകളുടേയും ചെലവുകളുടേയും വിശദാംശങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്തിന്റെ 2021 - 2022 കാലയളവിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളും ജനകീയാസൂത്രണ പദ്ധതികളും കുറ്റമറ്റരീതിയിലും മാതൃകാപരമായും നടപ്പാക്കാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. നടപ്പുവർഷം 100 ശതമാനം പദ്ധതി നിർവ്വഹണം എന്ന ലക്ഷ്യമാണ് ബ്ലോക്ക് പഞ്ചായത്തിനുള്ളത്.

രാജ്യം അഭിമുഖീകരിക്കുന്ന അസാധാരണമായ വെല്ലുവിളികളുടെ പശ്ചാത്തലത്തിലാണ് 2022 - 2023 ധനകാര്യവർഷത്തേക്കുള്ള ബജറ്റ് ഞാൻ കമ്മറ്റി മുമ്പാകെ അവതരിപ്പിക്കുന്നത്.

അൻവർ അലി എഴുതിയതുപോലെ
മനസാക്ഷ നമ്മൾ
നിനയ്ക്കാത്തതെല്ലാം
കൊടുങ്കാറ്റുപോലെ വരുന്ന ലോകത്താണ് നാമിന്ന് ജീവിക്കുന്നത്

ഇത്തരം ഒരു സാഹചര്യത്തെ ലോകരാഷ്ട്രങ്ങൾ മികവാർന്ന ചെറുപ്പുകൾ ഉയർത്തി വിമാന്ദ്യം വർദ്ധിപ്പിച്ചാണ്. മാന്ദ്യം മൂലം സംസ്ഥാനസർക്കാരിന്റെയും തദനുസൃതമായി പ്രാദേശിക സർക്കാരുകളുടെയും വരുമാനം കുറഞ്ഞിരിക്കുകയാണ് എന്നാൽ ഈ പ്രതിസന്ധിവേളയിൽ ഒരു വികസനസ്തംഭനവും ഉണ്ടാക്കുവാൻ അനുവദിച്ചിട്ടില്ല എന്ന് അടിവരയിട്ടു പറയട്ടെ. ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് ആസൂത്രണത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തി ഫലാധിഷ്ഠിത പദ്ധതി നിർവ്വഹണം എന്ന സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് 2022 - 2023 വർഷത്തെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്

വിശക്കുന്നവന് ഭക്ഷണവും ദാഹിക്കുന്നവന് വെള്ളവും തണുക്കുന്നവന് പുതപ്പും ഉറങ്ങുന്നവന് കിടക്കയും എന്നാണ് ബാലചന്ദ്രൻ ചുള്ളിക്കാട് സ്വാതന്ത്ര്യത്തിന് നൽകിയ നിർവ്വചനം. ഈ കാഴ്ചപ്പാടുതന്നെയാണ് ബ്ലോക്ക് പഞ്ചായത്തിനുമുള്ളത്

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന കടുത്തുരുത്തി, കല്ലറ, ഞീഴൂർ, വെള്ളൂർ, മുളക്കുളം, തലയോലപ്പറമ്പ് എന്നീ ഗ്രാമപഞ്ചായത്തുകളുടെ സമഗ്രവികസനം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും ഉത്പാദന, സേവന, പശ്ചാത്തല മേഖലകളോട് പരമാവധി നീതിപുലർത്തിക്കൊണ്ടും ബ്ലോക്ക് പ്രദേശത്തെ അടിസ്ഥാന സൗകര്യവികസനത്തിന്റെയും, കാർഷിക, ആരോഗ്യ, വിദ്യാഭ്യാസ, പാർപ്പിട, മാലിന്യ സംസ്കരണ, ശുചിത്വ, ജലസംരക്ഷണ പരിപാടികൾക്കും പ്രത്യേകം ഊന്നൽ നൽകിക്കൊണ്ടാണ് 2022 - 2023 ലെ ബജറ്റ് രൂപീകരിച്ചിട്ടുള്ളത്. പൊതുവിഭാഗം, പ്രത്യേക ഘടക പദ്ധതി പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ മേഖലകളിലായി 3 കോടി 90 ലക്ഷം രൂപയുടെ വരവ് പ്രതീക്ഷിക്കുന്നു. അടിസ്ഥാന സൗകര്യവികസനം, ഭവനനിർമ്മാണം, കാർഷിക മേഖലയുടെ വികസനം തുടങ്ങിയ പദ്ധതികൾക്കായി ഈ തുക നീക്കിവച്ചിരിക്കുന്നു. കൂടാതെ പരമ്പരാഗത ചുമതലകൾക്കായി ജനറൽ പർപ്പസ് ഫണ്ടിൽ 67 ലക്ഷം രൂപ വരവ് പ്രതീക്ഷിക്കുന്നു. മെയിന്റനൻസ് (നോൺ റോഡ്) ഇനത്തിൽ ലഭിച്ചേക്കാവുന്ന 52 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തിന്റെയും വിട്ടുകിട്ടപ്പെട്ട സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾക്കായി മാറ്റി വച്ചിരിക്കുന്നു. കേന്ദ്രധനകാര്യ കമ്മീഷന്റെ ബേസിക് ഗ്രാന്റ് ഇനത്തിൽ 49.5 ലക്ഷം രൂപയും ടൈഡ് ഗ്രാന്റിൽ 56 ലക്ഷം രൂപയും വരവ് പ്രതീക്ഷിക്കുന്നു. ഇത് വികസന പ്രവർത്തനങ്ങൾക്കും മാലിന്യ സംസ്കരണ/ ജലസംരക്ഷണ പദ്ധതികൾക്കുമായി വിനിയോഗിക്കുന്നതാണ്



## ബജറ്റ് വിശദാംശങ്ങൾ മേഖല തിരിച്ച്

1) കൃഷിയും വ്യവസായവും

കൃഷിക്കും അനുബന്ധ മേഖലയ്ക്കും മുൻതൂക്കം നൽകുന്നതിന് എക്കാലവും ശ്രദ്ധിച്ചിട്ടുള്ള കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് ഇത്തവണയും അതിന് മാറ്റം വരുത്തിയിട്ടില്ല

ഭക്ഷ്യസുരക്ഷ ലക്ഷ്യമാക്കി പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, നെൽകൃഷി എന്നിവയുടെ ഉത്പാദന വർദ്ധനവിനായി കർഷകരെ സഹായിക്കുന്നതിനായുള്ള പദ്ധതികൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മുൻകാലങ്ങളിലെപോലെ പരിഗണന നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ തരിശുരഹിത ഗ്രാമത്തിന് ആക്കം കൂട്ടാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി കൃഷിവകുപ്പ്, തൊഴിലുറപ്പ് പദ്ധതി എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പുരയിട കൃഷി വ്യാപിപ്പിക്കാനുള്ള പദ്ധതികൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു

വികസനാധിഷ്ഠിതവും നിക്ഷേപസൗഹൃദവുമായ ഒരു അന്തരീക്ഷത്തിലൂടെ വ്യവസായ രംഗത്ത് നിക്ഷേപസാധ്യതകൾ വർദ്ധിപ്പിക്കുന്നതിനാണ് സംസ്ഥാനസർക്കാർ ഉദ്ദേശിക്കുന്നത്. തദനുസൃതമായ പ്രവർത്തനങ്ങൾ താഴെത്തട്ടിലും ഉണ്ടാവേണ്ടതുണ്ട്. ബ്ലോക്കുതല വ്യവസായ വികസന ഓഫീസ് വഴി വ്യവസായരംഗത്ത് മാറ്റം വരുത്തുവാൻ ബ്ലോക്കുപഞ്ചായത്ത് ആഗ്രഹിക്കുന്നു. ഇതിനായി മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനത്തിന് ഗ്രൂപ്പുകൾ വഴി ധനസഹായം നൽകുന്നതിന് പദ്ധതികൾ തയ്യാറാക്കുന്നതാണ്. ബ്ലോക്ക് പരിധിയിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതാണ്

2) ക്ഷീരവികസനം/ മൃഗസംരക്ഷണം

ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതാണ്. ഉത്പാദന ചെലവിന്റെ വർദ്ധനവും കാലിത്തീറ്റയുടെ വിലക്കയറ്റവും നേരിടുന്ന ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ക്ഷീരകർഷകർക്ക് പാൽ ഇൻസെന്റീവ് നൽകുന്നതിന് ബജറ്റിൽ മതിയായ തുക ഉൾപ്പെടുത്തിയിരിക്കുന്നു. ബ്ലോക്ക് പരിധിയിലുള്ള എല്ലാ പഞ്ചായത്തിലും തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതാണ്. കേരളത്തിന്റെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ് മൃഗസംരക്ഷണം. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിൽ ഗണ്യമായ സംഭാവന നൽകുന്ന മേഖലയാണിത്. ഈ പ്രത്യേകത കണക്കിലെടുത്ത് മൃഗസംരക്ഷണത്തിന് മുന്തിയ പരിഗണന നൽകുന്നതാണ്. കൂടാതെ മുഴുവൻ സമയവും വെറ്ററിനറി ഡോക്ടറുടെ സേവനം ലഭ്യമാകുന്ന തരത്തിൽ മൊബൈൽ വെറ്ററിനറി ക്ലിനിക് ആരംഭിക്കുന്നതാണ്

3) സാമൂഹ്യക്ഷേമം

ഭിന്നശേഷിയുള്ളവരെ സഹായിക്കുന്നതിനായി ഉപകരണങ്ങളും സ്കോളർഷിപ്പ് നൽകുന്നതാണ്. കൂടാതെ കുമാരിമാർക്ക് അനുപൂരക പോഷകാഹാര പരിപാടി ഉൾപ്പെടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായി മുന്തിയ പരിഗണന നൽകുന്നതാണ്. സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടികൾക്ക് സ്ഥലം ലഭ്യമാക്കുന്നതിന് ശ്രമിക്കുന്നു. ഗവ. ഹോസ്പിറ്റലിനോടനുബന്ധിച്ച് ബി - ഫണ്ട് ഇനത്തിലും, തനത് ഫണ്ടിനത്തിലുമായി 7 ലക്ഷം രൂപ ചെലവിനത്തിൽ വകകൊള്ളിച്ചിട്ടുണ്ട്.

കേരളം മുഴുവൻ പടർന്നുപിടിച്ചിട്ടുള്ള ഒരു ജനകീയ പ്രസ്ഥാനമായി വയോമിത്രം ശൃംഖല മാറിയിട്ടുണ്ട്. ഈ ജനകീയ ഇടപെടൽ കാര്യക്ഷമമാക്കുന്നതിനായി ഇടപെടലുകൾ നടത്തുന്നതാണ്. വയോജനങ്ങൾക്കും കുട്ടികൾക്കും വിനോദത്തിനും മാനസികോല്ലാസത്തിനുമായി ബ്ലോക്ക് പരിധിയിൽ ഒരു പാർക്ക് സ്ഥാപിക്കുന്നതാണ്.

4) ആരോഗ്യം

ആരോഗ്യമുള്ള ഒരു ജനതയാണ് ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്ത്. രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മാതൃശിശു മരണനിരക്ക് ഏറ്റവുമായി കുറഞ്ഞ സംസ്ഥാനമാണ് കേരളം. ലോകം മുഴുവൻ ആഞ്ഞടിച്ച കോവിഡ് എന്ന മഹാമാരിക്കാലത്ത് മാതൃകാപരമായ പ്രവർത്തനം നടത്തുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യമേഖലയെ പുഷ്ടിപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്ക് ഇക്കുറിയും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. ബ്ലോക്കുപഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുള്ള [illegible], തലയോലപ്പറമ്പ് എന്നീ സാമൂഹികാരോഗ്യകേന്ദ്രങ്ങൾക്കായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും, തനതു ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതാണ്. രണ്ട് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഡിജിറ്റൽ എക്സ് റേ യൂണിറ്റുകളും ആധുനിക ലാബുകളും സ്ഥാപിക്കുന്നതാണ്. തലയോലപ്പറമ്പ് സി.എച്ച്.സി.യിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുന്നതാണ്. കൂടാതെ തലയോലപ്പറമ്പ് സി.എച്ച്.സി.യിൽ മാമോഗ്രാം യൂണിറ്റ് സ്ഥാപിക്കുന്നത് പരിഗണനയിലുണ്ട്.

5) പട്ടികജാതി/ പട്ടികവർഗ്ഗ വികസനം

ഒരാളുടെ മുന്നിലും
പിൻകൈ കെട്ടാതെ
തലകുനിച്ചു നിൽക്കാതെ
കാക്കണമേ

എന്നവൻ ചൊല്ലിടുന്നു. എന്താണ് ആത്മവിശ്വാസത്തിന് വേണ്ടിയുള്ള പട്ടികവിഭാഗക്കാരുടെ വാഞ്ഛയെ കവി അശോകൻ വരച്ചിടുന്നത്. സാമൂഹ്യമായി മുന്നേറാൻ സാമ്പത്തികനില മെച്ചപ്പെടേണ്ടത് അനിവാര്യമാണ്.



ഇതിന്റെ സാക്ഷാത്കാരത്തിനായുള്ള ശ്രമം ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത് അനിവാര്യമാണ്. പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട് എസ്.സി. സങ്കേതങ്ങളെയും പട്ടികജാതി വിഭാഗങ്ങളെയും മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു സമീപനമാണ് ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നൽകുന്നതാണ്. പട്ടികവർഗ്ഗ വികസന പദ്ധതിയിൽ 2 ലക്ഷം രൂപ വരവും അത്രതന്നെ ചെലവും പ്രതീക്ഷിക്കുന്നു.

6) വിദ്യാഭ്യാസം/ യുവജനക്ഷേമം

വിദ്യകൊണ്ട് പ്രബുദ്ധരാകുക എന്ന് ആഹ്വാനം ചെയ്ത നവോത്ഥാന നായകന്റെ നാടാണിത്. സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബ്ലോക്ക് പരിധിയിലുള്ള എല്ലാ യു.പി.സ്കൂളുകളിലും സയൻസ് ലാബുകൾ സ്ഥാപിക്കുന്നതാണ്.

ജീവിതശൈലി രോഗങ്ങൾ ഇന്ന് നമ്മുടെ യുവത്വത്തെ കാർന്നുതിന്നുന്ന ഒരു വിപത്തായി മാറിയിരിക്കുകയാണ്. ശരിയായ വ്യായാമത്തിന്റെ കുറവാണിതിന് കാരണമെന്ന് നമുക്ക് അറിയാവുന്നതാണ്. നമ്മുടെ യുവത്വത്തിന് അതിനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നതിൽ നാം പ്രതിജ്ഞാബദ്ധരാണ്. അതിനായി കടുത്തുരുത്തി ചിറക്കുളം നവീകരിച്ച് നീന്തൽ പഠിക്കുന്നതിന് സജ്ജമാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതാണ്. കൂടാതെ കല്ലറ പൊതു കളിസ്ഥലം ഉപയോഗയോഗ്യമാക്കുന്നതുമാണ്. യൂത്ത് ക്ലബ്ബുകൾക്ക് കളി ഉപകരണങ്ങൾ നൽകുന്നതാണ്.

7) ശുദ്ധജല വിതരണം/ ജലസ്രോതസ്സ് സംരക്ഷണം

ശുദ്ധജലം മനുഷ്യന്റെ അവകാശമാണ്. ഈ തത്വത്തിൽ നിലകൊണ്ടുകൊണ്ട് ശുദ്ധജല ലഭ്യതയ്ക്കും വിതരണത്തിനുമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ്. കൂടാതെ പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും, കടുത്തുരുത്തി ചുള്ളിത്തോട് ആഴംകൂട്ടൽ എന്ന പദ്ധതിക്കും ബജറ്റിൽ മുൻഗണന നൽകുന്നതാണ്.

8) പൊതുമരാമത്ത്/ ഭവനനിർമ്മാണം

അടിസ്ഥാന സൗകര്യവികസനത്തിന് ക്രിയാത്മകമായ ആസൂത്രണവും ഫലപ്രദമായ പദ്ധതിനിർവ്വഹണവും അത്യന്താപേക്ഷിതമാണ്. ഗുണമേന്മയുള്ളതും ഈടുറ്റതുമായ ഒരു നിർമ്മാണ സംവിധാനമാണ് നമുക്ക് നിലവിലുള്ളത്. അടിസ്ഥാന സൗകര്യവികസനത്തിന് മുൻതൂക്കം നൽകിയുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ബ്ലോക്കുപഞ്ചായത്ത് കെട്ടിടത്തിന്റെ പഴയ ഭാഗം പൊളിച്ചുനീക്കി പുതിയത് നിർമ്മിക്കുന്നതാണ്.

എല്ലാവർക്കും വീട് എന്ന ലക്ഷ്യപൂർത്തീകരണത്തിനായി ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം ഈ വർഷവും വീടുകൾ നിർമ്മിച്ചുനൽകുന്നതാണ്. കേന്ദ്ര/ സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടുകൂടി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

9) ടൂറിസം

ഭാവി സാധ്യതകൾ കണക്കിലെടുക്കുമ്പോൾ ഏറ്റവും മുൻപന്തിയിലുള്ളത് ടൂറിസം പദ്ധതികളാണ്. നമ്മുടെ തനതായ പാരമ്പര്യങ്ങളും പുഴകളും ശരിയായ രീതിയിൽ ഉപയോഗിച്ചുകൊണ്ട് ടൂറിസം വികസനം ലക്ഷ്യമിടുന്ന വികസന പദ്ധതികൾ ബജറ്റിൽ വിഭാവനം ചെയ്യുന്നു. എഴുമാന്തുരുത്ത് ഉത്തരവാദിത്വ ടൂറിസം വില്ലേജായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ അവിടെ ടൂറിസം ഫെസിലിറ്റേഷൻ സെന്റർ, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ സ്ഥാപിച്ച് ബ്ലോക്ക് പഞ്ചായത്ത് പിന്തുണാ സംവിധാനം ഒരുക്കുന്നതാണ്.

10) ഊർജ്ജം

സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ലക്ഷ്യം മുൻനിർത്തി കോളനികളിൽ നിലവിലുള്ള വൈദ്യുത ലൈനുകളുടെ എക്സ്റ്റൻഷനുവേണ്ടി 5 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

11) മാലിന്യ സംസ്കരണം/ ശുചിത്വം

പ്ലാസ്റ്റിക് മാലിന്യങ്ങൾ സൃഷ്ടിക്കുന്ന ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഒരളവുവരെ പരിഹാരം കണ്ടെത്തുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള അഭിമാന പ്രോജക്ടായ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ജില്ലയ്ക്ക് ആകെ മാതൃകയാണ്. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ അനുബന്ധ സൗകര്യങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി ഒരുലക്ഷം രൂപ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ജില്ലാ ശുചിത്വമിഷനിൽ നിന്നും അഞ്ചുലക്ഷം രൂപ വരെയും അത്ര തന്നെ ചെലവും പ്രതീക്ഷിക്കുന്നു. ബ്ലോക്ക് പരിധിയിലുള്ള എല്ലാ പഞ്ചായത്തിലെയും ഹരിതകർമ്മ സേനയ്ക്ക് ഇ- ഓട്ടോറിക്ഷകൾ വാങ്ങിനൽകുന്നതാണ്.

12) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമീണ ജനങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം കാർഷികമേഖലയിൽ കൂടുതൽ ഇടപെടലുകൾ നടത്തുവാൻ സാധിക്കത്തക്ക രീതിയിൽ 3,37,548 തൊഴിൽ ദിനങ്ങൾ സൃഷ്ടി



ക്കുന്നതിന് 229.22 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ 91.68 ലക്ഷം രൂപ മെറ്റീരിയൽ കോസ്റ്റും 137.53 ലക്ഷം രൂപ അവിദഗ്ധ വേതനവുമാണ്. പുരയിട കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തുന്നതാണ്.

13) എം.എൽ.എ./ എം.പി. ഫണ്ട്

നാടിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് എം.എൽ.എ.മാരുടെ പ്രാദേശിക വികസനപദ്ധതി/ ആസ്തി വികസന പദ്ധതി, എം.പി.മാരുടെ പ്രാദേശിക വികസന പദ്ധതി എന്നിവയിൽ രണ്ടുകോടി രൂപയും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയും ഈ ബജറ്റിൽ വരവ് പ്രതീക്ഷിക്കുന്നു.

ഇനി ബജറ്റിന്റെ മുഖമുദ്രയായ ഏതാനും മുൻഗണനാ പരിപാടികളിലേക്ക് ഞാൻ കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

14) മുൻഗണനാ പരിപാടികൾ

1) ക്ഷീരമേഖലയ്ക്ക് ഊന്നൽ നൽകുന്നതാണ്.

2) പുരയിട കൃഷി വ്യാപിപ്പിക്കൽ - തൊഴിലുറപ്പ് പദ്ധതിയുടെയും കൃഷിവകുപ്പിന്റെയും സഹായത്തോടുകൂടി

3) തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നിലവിൽ കാന്റീൻ പ്രവർത്തിക്കുന്ന കെട്ടിടം ഗുണപ്രദമായി ഉപയോഗപ്പെടുത്തുന്നതാണ്.

4) എഴുമാന്തുരുത്ത് ടൂറിസം പദ്ധതി - പിന്തുണാ സംവിധാനം ഒരുക്കൽ

5) തനത് ജലസ്രോതസ്സുകളുടെ സംരക്ഷണം, ചിറകളുടെ നവീകരണം

6) സി.എച്ച്.സി. കളിൽ ഡിജിറ്റൽ എക്സ് റേ യൂണിറ്റ്, ആധുനിക ലാബ്

7) യു.പി.സ്കൂളുകളിൽ സയൻസ് ലാബ് സൗകര്യം ഒരുക്കൽ

8) ഹരിതകർമ്മ സേനയ്ക്ക് ഇ- ഓട്ടോ ലഭ്യമാക്കൽ

15) ബജറ്റ് സ്റ്റേറ്റ്മെന്റ് (അനുബന്ധമായി ചേർത്തിരിക്കുന്നു)

16) ഉപസംഹാരം

കേരള വികസന മാതൃകയ്ക്ക് ഒരു പുതിയ പതിപ്പ് നാം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ് നമ്മുടെ സാമൂഹ്യനേട്ടങ്ങൾ സംരക്ഷിച്ചുകൊണ്ട് വളർച്ചാ കുതിപ്പുണ്ടാക്കാനാണ് നാം ശ്രമിക്കേണ്ടത്. അതിനുള്ള ശ്രമങ്ങളുടെ ഒരു നേർചിത്രമാണ് ഈ ബജറ്റിലുള്ളത്.

കേരളമേ വികസിക്കുക നീ പുതു -
മാമൊരു ജീവിത വായുവേറ്റ
ഫണിനു നൽകുവാൻ ......

മഹാകവിയുടെ ഈ ആഹ്വാനമാണ് എനിക്കും ആവർത്തിക്കാനുള്ളത്. ഇനി നമുക്ക് ലക്ഷ്യബോധത്തോടെ തളരാതെ പതറാതെ ആത്മവിശ്വാസത്തോടെ ബ്ലോക്ക് പഞ്ചായത്തിന്റെയും അതിലൂടെ കേരളത്തിന്റെയും സമഗ്രവികസനം എന്ന ലക്ഷ്യത്തിലേക്ക് ഒരുമിച്ചുനീങ്ങാം.

ഈ ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തിന്റെയും വികസനം മുന്നിൽ കണ്ടുകൊണ്ട് 261519212 രൂപയുടെ വരവും 260358500 രൂപയുടെ ചെലവും 1160712 രൂപ മിച്ചവും പ്രതീക്ഷിക്കുന്ന 2022 - 23 വർഷത്തെ ബജറ്റ് എല്ലാ ബഹുമാന്യ അംഗങ്ങളുടെയും പരിഗണനയ്ക്കും ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

ജയ്ഹിന്ദ്

## KADUTHURUTHY BLOCK PANCHAYATH
## BUDGET FOR THE FINANCIAL YEAR 2022 – 2023

| | PARTICULARS | Actuals for the Year 2020 – 2021 (യഥാർത്ഥ കണക്ക് 2020 - 2021) | Budget for the year 2021 - 2022 | Budget for the year 2022 – 2023 |
|---|---|---|---|---|
| A | Opening Balance (net) (ws – 1) | 5074577 | 2591596 | 2884312 |
| B | a) Tax revenue - നികുതി വരുമാനം (BS – 1) | 0 | 0 | 0 |
| C | b) Non Tax Revenue - നികുതി ഇതര വരുമാനം (BS -2) | 64826 | 325742 | 355000 |
| D | Total Own fund ആകെ തനത് ഫണ്ട് | 64826 | 325742 | 355000 |
| E | c) General Purpose Fund - ജനറൽ പർപ്പസ് ഫണ്ട് (BS – 3) | 5032000 | 5630000 | 6200000 |
| F | Total - ആകെ (D+E) | 5096826 | 5955742 | 6555000 |
| G | d) Other Grants Plan – മറ്റു റവന്യൂ ഗ്രാന്റുകൾ - പദ്ധതി ചെലവുകൾക്ക് (BS -4) | 52663121 | 215163060 | 236679900 |
| H | e) Other grants (Non plan - മറ്റു റവന്യൂ ഗ്രാന്റുകൾ പദ്ധതി ഇതര ചെലവുകൾക്ക് (BS – 5) | 3968904 | 200000 | 400000 |
| I | Total Revenue Income – ആകെ റവന്യൂ വരവുകൾ (F+G+H) | 61728851 | 221318802 | 243634900 |
| J | Capital Income – Loans - മൂലധന വരവ് - വായ്പ വാങ്ങൽ (BS – 6) | 0 | 0 | 0 |

| | PARTICULARS | Actuals for the Year 2020 – 2021 (യഥാർത്ഥ കണക്ക് 2020 - 2021) | Budget for the year 2021 - 2022 | Budget for the year 2022 – 2023 |
|---|---|---|---|---|
| K | Capital income other than loans - വായ്പ ഒഴികെ മൂലധന വരവുകൾ (BS -7) | 780274 | 18809551 | 15000000 |
| L | Total Capital Income - ആകെ മൂലധന വരവുകൾ (J+K) | 780274 | 18809551 | 15000000 |
| M | Total Income - ആകെ വരവുകൾ (I +L) | 62509125 | 240128353 | 258634900 |
| N | Total Income + Net opening balance - ആകെ വരവുകളും പ്രാരംഭ ബാക്കിയും (M+A) | 67583702 | 242719949 | 261519212 |
| O | Revenue expenditure – statutory functions - റവന്യൂ ചെലവുകൾ - അനിവാര്യ ചുമതലകൾക്ക് (BS-8) | 6499362 | 5596000 | 6184000 |
| P | Revenue expenditure – plan - റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ (BS-9) | 32947699 | 149245000 | 165378000 |
| Q | Revenue expenditure Non plan - റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ (BS -10) | 2042709 | 1200000 | 1250000 |
| R | Total Revenue expenditure - ആകെ റവന്യൂ ചെലവുകൾ (O+P+Q) | 41489770 | 156041000 | 172812000 |
| S | Capital expenditure - Loan repayments - മൂലധന ചെലവുകൾ വായ്പ തിരിച്ചടവ് (BS -11) | 0 | 0 | 0 |
| T | ചെലവുകൾ (BS -12) | 7477185 | 85988476 | 87546500 |
| U | Total Capital expenditure - ആകെ മൂലധന ചെലവുകൾ (S+T) | 7477185 | 85988476 | 87546500 |
| V | Total expenditure - ആകെ ചെലവുകൾ (R+U) | 48966955 | 242029476 | 260358500 |
| W | Closing Balance- നീക്കിബാക്കി (N-V) | 18616747 | 690473 | 1160712 |

| | PARTICULARS | Actuals for the Year 2020 – 2021 (യഥാർത്ഥ കണക്ക് 2020 – 2021) | Budget for the year 2021 - 2022 | Budget for the year 2022 – 2023 |
|---|---|---|---|---|
| K | Capital Income other than loans – വായ്പ ഒഴികെ മൂലധന വരവുകൾ (BS -7) | 780274 | 18809551 | 15000000 |
| L | Total Capital Income –ആകെ മൂലധന വരവുകൾ (J+K) | 780274 | 18809551 | 15000000 |
| M | Total Income – ആകെ വരവുകൾ (I +L) | 62509125 | 240128353 | 258634900 |
| N | Total Income + Net opening balance - ആകെ വരവുകളും പ്രാരംഭ ബാക്കിയും (M+A) | 67583702 | 242719949 | 261519212 |
| O | Revenue expenditure – statutory functions - റവന്യൂ ചെലവുകൾ - അനിവാര്യ ചുമതലകൾക്ക് (BS-8) | 6499362 | 5596000 | 6184000 |
| P | Revenue expenditure – plan – റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ (BS-9) | 32947699 | 149245000 | 165378000 |
| Q | Revenue expenditure Non plan – റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ (BS -10) | 2042709 | 1200000 | 1250000 |
| R | Total Revenue expenditure – ആകെ റവന്യൂ ചെലവുകൾ (O+P+Q) | 41489770 | 156041000 | 172812000 |
| S | Capital expenditure – Loan repayments – മൂലധന ചെലവുകൾ വായ്പ തിരിച്ചടവ് (BS -11) | 0 | 0 | 0 |
| T | ചെലവുകൾ (BS -12) | 7477185 | 85988476 | 87546500 |
| U | Total Capital expenditure – ആകെ മൂലധന ചെലവുകൾ (S+T) | 7477185 | 85988476 | 87546500 |
| V | Total expenditure – ആകെ ചെലവുകൾ (R+U) | 48966955 | 242029476 | 260358500 |
| W | Closing Balance- നീക്കിബാക്കി (N-V) | 18616747 | 690473 | 1160712 |